ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ), (ബി) ഡയറി ഫാമുകളിലെ തൊഴിലാളികൾക്ക് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി നിയമിച്ച ശമ്പളകമ്മീഷൻ റിപ്പോർട്ട് ബാധകമല്ല. എന്നാൽ ഡയറി ഫാമുകൾ ഉൾപ്പെടെ സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ ഫാമുകളിൽ പണിയെടുക്കുന്ന സ്ഥിരം തൊഴിലാളികളുടെ വേതന പരിഷ്കരണത്തിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ഈ ഗവൺമെന്റു പരിശോധിച്ചുവരികയാണ്.

(സി) സർക്കാരിന്റെ അധീനതയിലുള്ള ഫാമുകളിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കാരം സംബന്ധിച്ച് കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. കെ. കേശവൻ : ഒരു കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു എന്ന് പറഞ്ഞു. എന്നാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത് ? റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങൾ എന്തൊക്കെയാണ് ? എന്നത്തേക്ക് ഇത് നടപ്പിലാക്കുവാൻ കഴിയും എന്ന് പറയുവാൻ കഴിയുമോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ സാധ്യമല്ല.

ശ്രീ. പി. കുമാരൻ : ഇപ്പോൾ ഈ പരിശോധന ഏതുവരെയെത്തി, എന്നത്തേക്കാണ് ഈ പരിശോധന അവസാനിക്കുക എന്ന് അറിഞ്ഞാൽ കൊള്ളാം,

ശ്രീ. എ. എൽ. ജേക്കബ് : പരിശോധിച്ചു കഴിയുമ്പോൾ അവസാനിക്കും.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇവരുടെ ശമ്പളപരിഷ്കരണത്തിനുവേണ്ടി ഒരു കമ്മിഷനെ നിയമിച്ചു എന്ന് പറഞ്ഞല്ലോ ? ഈ കമ്മീഷനെ നിയമിച്ചത്, എന്നാണ് ? ഈ കമ്മീഷനിൽ ആരൊക്കെയായിരുന്നു അംഗങ്ങളായി ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ എ. എൽ. ജേക്കബ് : നോട്ടീസ് വേണം അല്ലാതെ പറയാൻ ബുദ്ധിമുട്ടുണ്ട്.

വ്യോമസേനാ പരിശീലന കേന്ദ്രത്തിന് ആവശ്യമായ സ്ഥലം

* 287. [309] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വിമാനത്താവളത്തിനടുത്ത് വ്യോമസേനാ പരിശീലന കേന്ദ്രത്തിന് തറക്കല്ലിട്ടിരുന്നുവോ ;

(ബി) തറക്കല്ലിട്ടതിനുശേഷമാണോ കേന്ദ്രത്തിന് ആവശ്യമായ സ്ഥലം സംസ്ഥാനം നൽകാമെന്ന് സമ്മതിച്ചത് ;

(സി) ഇക്കാര്യത്തിന് എത്ര സ്ഥലം ഏതെല്ലാം വ്യവസ്ഥകളിൽ എന്നത്തേക്ക് നൽകാമെന്നാണ് സംസ്ഥാനം സമ്മതിച്ചത് ;

(ഡി) ഈ സ്ഥലം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഇ) ഈ സ്ഥലം ഏടുക്കുകയാണെങ്കിൽ എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായി വരും ;

(എഫ്) ഈ സ്ഥലമെടുപ്പിനെതിരെ ഏതെങ്കിലും രാഷ്ട്രീയ കക്ഷികളോ എം. എൽ. എ. മാരോ നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് നടപടികൾ നിറുത്തിവെച്ചിട്ടുണ്ടോ ;

(എച്ച്) ഈ കേന്ദ്രം സംസ്ഥാനത്തു നിന്നും തമിഴ് നാട്ടിലെ മധുര വിമാനത്താവളത്തിലേക്ക് മാറ്റി സ്ഥാപിക്കാനായി തീരുമാനിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ :

(എ) ഇല്ല.

(ബി) അല്ല.

(സി) ഏകദേശം 120 ഏക്കർ സ്ഥലം വിലക്കെടുത്തു നൽകാമെന്ന് അറിയിച്ചിരുന്നു.

(ഡി) സ്ഥലമെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) കൃത്യമായി കണക്കാക്കിയിട്ടില്ല.

(എഫ്) പ്രസ്തുത സ്ഥലവാസികളുടെ നിവേദനം കിട്ടിയിരുന്നു.

(ജി, എച്ച്) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഈ സ്ഥലം എടുത്തതിനെതിരായിട്ട് ആരെങ്കിലും നിവേദനം നടത്തുകയോ അതിൻമേൽ എന്തെങ്കിലും തീരുമാനം സർക്കാർ എടുക്കുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ആ പ്രദേശത്തുള്ള ആളുകളുടെ നിവേദനം കിട്ടിയിരുന്നു. ആ നിവേദനത്തെത്തുടർന്നു നടപടികൾ ഒന്നും നിർത്തിവച്ചിട്ടില്ല. വ്യോമസേന വകുപ്പിന്റെ അവസാനമായ വിവരം കിട്ടിക്കഴിഞ്ഞിട്ടില്ലാത്തുകൊണ്ട് തുടർന്നുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ചോദ്യം 310—ഉന്നയിച്ചില്ല)

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

ആറാം പദ്ധതിയിൽ ചെലവഴിച്ച തുക

1082. [1603] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ആറാം പദ്ധതിയിൽ എത്ര കോടി രൂപ ചെലവഴിച്ചു ;

(ബി) ഇതിൽ സാമൂഹ്യ സേവനങ്ങൾക്കുവേണ്ടി ചെലവഴിച്ച സംഖ്യ എത്ര ;

(സി) ജലസേചനം, വെള്ളപ്പൊക്കം എന്നിവക്കുവേണ്ടി ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) പദ്ധതി ചെലവുകൾക്കായി 1754.95 കോടി രൂപ ചെലവഴിച്ചു.

(ബി) 468.49 കോടി രൂപ ചെലവഴിച്ചു.

(സി) 321.44 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly